2025
ജൂൺ
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com




## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഗ്രേഡിംഗ്

# A ഗ്രേഡോടെ ജില്ലയിൽ മുൻ നിരയിൽ

കുപ്പാടിത്തറ: 2024-25 അധ്യയന വർഷത്തെ പ്രവർത്തന മികവിന് കുറുമ്പാല ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് എ ഗ്രേഡ് നേട്ടത്തിന് അർഹത നേടി. നൂറിൽ 93 മാർക്കോടെയാണ് അഭിമാന നേട്ടം കൈവരിച്ചത്. സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് പദ്ധതി ആരംഭിച്ച 2018 മുതൽ ഇവിടെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വളരെ സജീവമായ നിൽക്കുന്ന ഈ യൂണിറ്റ് ശ്രദ്ധേയമായ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അംഗീകാരമെന്ന നിലയിൽ 2023 വർഷത്തെ ജില്ലയിലെ മികച്ച മൂന്നാമത്തെ യൂണിറ്റിനുള്ള അവാർഡിന് വിദ്യാലയം അർഹത നേടിയിരുന്നു.ഒരു ലിറ്റിൽ കൈറ്റ് അംഗം എന്ന നിലയിൽ കുട്ടികൾക്ക് ലഭിക്കേണ്ട പരമാവധി അനുഭവങ്ങൾ നൽകാൻ യൂണിറ്റ് പ്രത്യേകംശ്രദ്ധിക്കുന്നുണ്ട്.

റൊട്ടീൻ ക്ലാസുകൾ,സ്കൂൾതല ക്യാമ്പുകൾ, ഡിജിറ്റൽ മാഗസിൻ,ഇൻഡസ്ട്രിയൽ വിസിറ്റ്,സ്കൂൾവിക്കി അപ്ഡേഷൻ, പ്ലസ് വൺ ഹെൽപ്പ് ഡെസ്ക്, എക്സ്പേർട്ട് ക്ലാസുകൾ,വിക്ടേഴ്സ് ചാനലിലേക്ക് വാർത്തകൾ തയ്യാറാക്കൽ... തുടങ്ങിയവയ്ക്ക് പുറമേ

This School secured **A** grade in 2025

Score : 93 / 100

രക്ഷിതാക്കൾക്കും, അമ്മമാർക്കും, ഭിന്നശേഷി വിദ്യാർത്ഥികൾക്കും, മറ്റ് ലിറ്റിൽ കൈറ്റ്സ് ഇതര കുട്ടികൾക്കുള്ള ഐ ടി പരിശീലനങ്ങൾ, സൈബർ ബോധവത്ക്കരണ ക്ലാസുകൾ, റോബോർട്ടിക് ഫെസ്റ്റ്, പ്രൈമറി കുട്ടികൾക്കായി ലേണിംഗ് മൊബൈൽ ആപ്പ്, ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ ന്യൂസ് പേപ്പർ-ലിറ്റിൽ ന്യൂസ്, പ്രാദേശിക ചരിത്രരചന,വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി തയ്യാറാക്കൽ, പ്രദർശനം, ആനിമേഷൻ ശിൽപശാല, അഭിമുഖങ്ങൾ, മറ്റ് പരിശീലനങ്ങൾ... തുടങ്ങിയ തനത് പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നു.എൽ കെ ഇല്ലുമിനേഷൻ അവാർഡ് എന്ന പേരിൽ ജില്ലാ തലത്തിൽ അനിമേഷൻ മത്സരവും സംഘടിപ്പിച്ച്വരുന്നു.എൽ കെ അവാർഡ് തുക ഉപയോഗപ്പെടുത്തി മനോഹരമായൊരു ലിറ്റിൽ കൈറ്റ്സ് ഫോട്ടോ ഗാലറിയും സജ്ജമാക്കിയിട്ടുണ്ട്.സബ് ജില്ലാതലം മുതൽ സംസ്ഥാന തലംവരെയുള്ള ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകളിൽ അംഗങ്ങളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞതും വലിയ നേട്ടമാണ്.വിദ്യാലയത്തിലെ മറ്റ് ക്ലബ്ബുകളുമായി ചേർന്ന് പ്രധാന പ്രവർത്തനങ്ങളിലും, പരിപാടികളിലും സജീവമായി പ്രവർത്തിക്കുന്ന എൽ കെ യൂണിറ്റ് മുഴുവൻ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യുകയും ചെയ്യുന്നു.അംഗങ്ങളുടെ വ്യക്തിഗത-ഗ്രൂപ്പ് അസൈൻമെന്റുകളിൽ ഉയർന്ന ഗ്രേഡുകൾ നേടി ഗ്രേസ് മാർക്കിന് അർഹത നേടികൊടുക്കാനും യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ തലത്തിൽ ആനിമേഷൻ, ഗ്രാഫിക് ഡിസൈനിംഗ്,മലയാളം കമ്പ്യൂട്ടിംഗ്,മൊബൈൽ ആപ്പ്, ഇലക്ട്രോണിക്സ്, റോബോർട്ടിക്സ്, നിർമ്മിത ബുദ്ധി, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടിംഗ്,മൾട്ടിമീഡിയ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

**സ്കൂൾ പ്രവേശനോത്സവം**

# ഒന്നിച്ച് ഒന്നായി ഒന്നാവാം



കുപ്പാടിത്തറ: പുതിയ സ്കൂൾ,പുതിയ ക്ലാസ്, പുതിയ ടീച്ചർ, പുതിയ പുസ്തകങ്ങൾ,.എല്ലാംകൊണ്ടും പുതിയൊരാളാകാനുള്ള ഒരുക്കത്തോടെ വിദ്യാർത്ഥികൾ വീണ്ടും അക്ഷരമുറ്റത്തേക്ക്.രണ്ട് മാസത്തെ വേനലവധിയും ദിവസങ്ങളോളം പെയ്ത അതിശക്തമായ മഴക്കും ശേഷം കുട്ടികൾ വീണ്ടും തങ്ങളുടെ കലാലയത്തിലെത്തി. തെളിഞ്ഞ അന്തരീക്ഷത്തിൽ വ ർണാഭമായ ചടങ്ങുകളോടെയാണ് കുട്ടികളെ വരവേറ്റത്.മധുരം നൽകിയും ചെട്ടമേളുടെ അകമ്പടിയോടെയുമാണ് സ്വീകരിച്ചത്.എൽ കെ ജി മുതൽ പത്താം തരം വരെയുമുള്ള ക്ലാസിലേക്ക് ഈ വർഷം പുതുതായി ധാരാളം കുട്ടികൾ ചേരുകയുണ്ടായി. നവാഗതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണംചെയ്തു. ചടങ്ങിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സ്വാഗതം പറഞ്ഞു. പി ടി എ പ്രസിഡൻറ ഇ കെ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു. പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ ഉദ്ഘാടനം ചെയ്തു.സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ കാഞ്ഞായി ഉസ്മാൻ, എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ,വിദ്യാഭ്യാസ വാർഡ്തല കൺവീനർ ഇ സി അബ്ദുള്ള,പിടിഎ,എം പി ടി എ, എസ് എം സി അംഗങ്ങൾ,രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു. ആദ്യ രണ്ടാഴ്ച് ദിവസവും ഒരു മണിക്കൂർ വിവിധ വിഷയങ്ങളിൽ പൗരബോധം വളർത്തുന്ന പ്രത്യേക ക്ലാസുകളും,ബ്രിഡ്ജ്കോഴ്സുകളുമാണ് കുട്ടികൾക്ക് നൽകിയത്.

**ലോക പരിസ്ഥിതിദിനം**

# പഞ്ചായത്ത് തല ഫലവൃക്ഷ തൈ നടൽ ഉദ്ഘാടനം ചെയ്തു







കുപ്പാടിത്തറ: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5 ന് വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻെറ നേതൃത്വത്തിൽ പടിഞ്ഞാറത്തറ പഞ്ചായത്ത് തല ഫലവൃക്ഷ തൈ നടൽ ഉദ്ഘാടനം കുറുമ്പാല ഗവ. ഹൈസ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡൻറ് പി ബാലൻ തൈകൾ നട്ട് ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി ജോസ്, ബുഷറ വൈശ്യൻ,കൃഷി ഓഫീസർ ആര്യ, ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ, അധ്യാപകർ, പിടിഎ അംഗങ്ങൾ, പരിസ്ഥിതി ക്ലബ്ബ്,സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ക്ലബ്ബ് അംഗങ്ങൾ പങ്കെടുത്തു.

പരിസ്ഥിതി ക്ലബ്ബിൻെറ നേതൃത്വത്തിൽ പ്രൈമറി,ഹൈസ്കൂൾ കുട്ടികൾക്കായി ചിത്രരചന, ക്വിസ്,പോസ്റ്റർ നിർമ്മാണം,ഉപന്യാസ രചന ഉടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു. പ്രത്യേക അസംബ്ലി ചേരുകയും ഹെഡ്മാസ്റ്റർ പരിസ്ഥിതി ദിന സന്ദേശം നൽകുകയും ചെയ്തു.ലീഡർ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.കുട്ടികൾ തൈകൾ കൊണ്ട്വരികയും സ്കൂൾ പരിസരത്ത് നട്ടു പിടിപ്പിക്കുകയും ചെയ്തു.

**പിറന്നാളിനൊരു പൂച്ചട്ടി**

# ക്ലാസ് സൗന്ദര്യവത്ക്കരണത്തിന് തുടക്കമായി









കുപ്പാടിത്തറ:വിദ്യാലയത്തിന്റെ സൗന്ദര്യ വത്ക്കരണത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം ഉണ്ടാക്കുക, വിദ്യാലയം ഒരു ഹരിത ഉദ്യാനമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് 'പിറന്നാളിനൊരു പൂച്ചട്ടി'. കുട്ടികളും അധ്യാപകരും അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്കായി ഒരു പൂച്ചട്ടി സമ്മാനിക്കുന്നു. ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 2025-



26 അധ്യയ വർഷം മുതൽ തുടക്കം കുറിച്ചു.ഇതിന്റെ ഭാഗമായി കുട്ടികളിൽ നിന്ന് ലഭിക്കുന്ന പൂച്ചട്ടികൾ അതത് ക്ലാസുകൾക്ക് മുമ്പിൽ സജീകരിച്ച് മനോഹരമാക്കുന്നു.കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വളരെ മികച്ച രീതിയിൽ നടക്കുന്ന ഈ പദ്ധതിക്ക് മികച്ച പ്രതികരണമാണ് കുട്ടികളിൽ നിന്ന് ലഭിക്കുന്നത്.

# പഠന കിറ്റൊരുക്കി എൻ എസ് എസ്



കുപ്പാടിത്തറ:സാമ്പത്തികമായി പ്രയാസപ്പെടുന്ന കുട്ടികൾക്ക് ഒരു കൈത്താങ്ങായി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ എൻ എസ് എസ് യൂണിറ്റ്. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ഉൾക്കൊള്ളുന്ന കിറ്റ് വിദ്യാലയത്തിച്ചാണ് തങ്ങളുടെ സാമൂഹിക പ്രതിബദ്ധത നിറവേറ്റിയത്. തെളിമ പദ്ധതിയുടെ ഭാഗമായി സമാഹരിച്ച പഠന സാമഗ്രികൾ എൻ എസ് എസ് യൂണിറ്റ് അംഗങ്ങളും അധ്യാപകരുമടങ്ങുന്ന സംഘം സ്കൂളിലെത്തി ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദിന് കൈമാറി.എൻ എസ് എസ് യൂണിറ്റിന്റെ കഴിഞ്ഞ വർഷത്തെ ക്യാമ്പ് കുറുമ്പാല സ്കൂളിലായിരുന്നു സംഘടിപ്പിച്ചിരുന്നത്.

# ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ നടത്തി



കുപ്പാടിത്തറ: 2025-28 ബാച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങ ളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ 25-6-2025 ന് നടത്തി.കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പരീക്ഷ നടത്തിയത്.ക്ലബ്ബംഗത്തിനായി അപേക്ഷിച്ച് രജിസ്റ്റർ ചെയ്ത എട്ടാം ക്ലാസിലെ 34 കുട്ടികളാണ് പരീക്ഷ എഴുതിയത്.പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കുട്ടികൾക്ക് മോഡൽ പരീക്ഷ ചെയ്ത് പരിശീലിക്കാനും അവസരമൊരുക്കിയിരുന്നു.

# വായന വാരാചരണം-സ്കൂൾ തല മത്സര വിജയികൾ

HS വിഭാഗം




നജീബ (9A പോസ്റ്റർ രചന-ഒന്നാം സ്ഥാനം),കീർത്തന (8A സാഹിത്യ ക്വിസ്-ഒന്നാം സ്ഥാനം),റിൻഷാ ഫാത്തിമ(8A കഥാ-കവിതാ രചന ഒന്നാം സ്ഥാനം),ഫെമിന (8A പോസ്റ്റർ രചന-രണ്ടാം സ്ഥാനം),നിദാ ഫാത്തിമ,ഷംസിയ ഫാത്തിമ (8B സാഹിത്യ ക്വിസ്-രണ്ടാം സ്ഥാനം)

UP വിഭാഗം





വായന മത്സരം: നഫ്‌ല ഫാത്തിമ (6A -ഒന്നാം സ്ഥാനം),മിൻഹ ഫാത്തിമ (7B -രണ്ടാം സ്ഥാനം), ഹന്നത്ത് നസ്രി(7A-രണ്ടാം സ്ഥാനം),മുഹമ്മദ് ഫായിസ് (7B-മൂന്നാം സ്ഥാനം). പ്രസംഗ മത്സരം: നഫ്‌ല ഫാത്തിമ (6A-ഒന്നാം സ്ഥാനം),നമീറ നസ്റിൻ (5B -രണ്ടാം സ്ഥാനം),ഹന്നത്ത് നസ്രി(7A-മൂന്നാം സ്ഥാനം). ക്വിസ് മത്സരം: നിവേദ് കെ സ് (6A -ഒന്നാം സ്ഥാനം),ഹന്ന ഫാത്തിമ എം(7A-രണ്ടാം സ്ഥാനം),ഹന്നത്ത് നസ്രി(7A-രണ്ടാം സ്ഥാനം).

LP വിഭാഗം








വായന മത്സരം: അമൽ ഹബീബി (2A -ഒന്നാം സ്ഥാനം),ആയിഷ അഷറഫ് (2A-രണ്ടാം സ്ഥാനം),
വായന മത്സരം: മുഹമ്മദ് റിഷാൽ (3A -ഒന്നാം സ്ഥാനം),മുഹമ്മദ് ഷയാൻ (4A -രണ്ടാം സ്ഥാനം).
ക്വിസ് മത്സരം: മുഹമ്മദ് ഷയാൻ (4A -ഒന്നാം സ്ഥാനം), ഫാത്തിമത്തു സുഹറബതുൽ (3A -രണ്ടാം സ്ഥാനം).

# ലോക പരിസ്ഥിതി ദിനം-സ്കൂൾ തല മത്സര വിജയികൾ





പോസ്റ്റർ രചന: നിവേദ് കെ സ് (6A -ഒന്നാം സ്ഥാനം),ഹന്ന ഫാത്തിമ (7A-രണ്ടാം സ്ഥാനം),ഫർഹ ടി (6A -മൂന്നാം സ്ഥാനം),ഓൺലൈൻ ക്വിസ് മത്സരം: മിൻഹ ഫാത്തിമ 7B,നിവേദ് കെ സ് 6A,ഷയാൻ ഹാദി 5B (ഒന്നാം സ്ഥാനം), നജ ഫാത്തിമ 6A(രണ്ടാം സ്ഥാനം),സൂരജ് എം എസ് 6A, മുഹമ്മദ് നാഫിഹ് 7B (മൂന്നാം സ്ഥാനം).





കുഞ്ഞെഴുത്ത് - ഒന്നാം ക്ലാസ്



കളറിംഗ് - ഒന്നാം ക്ലാസ്

ക്വിസ്: അംജ ഫാത്തിമ 4A(ഒന്നാം സ്ഥാനം),മുഹമ്മദ് ഷയാൻ 4A(രണ്ടാം സ്ഥാനം).
കളറിംഗ് മത്സരം: നിയ ഫാത്തിമ 1A(ഒന്നാം സ്ഥാനം),
മിൻഷാ മജീദ് 1B(രണ്ടാം സ്ഥാനം).

# ലിറ്റിൽ കൈറ്റ്സ് സ്കൂൾ ലെവൽ ക്യാമ്പ്







കുപ്പാടിത്തറ:2024-27 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ഒന്നാം ഘട്ട സ്കൂൾ ലെവൽ ക്യാമ്പ് 05-06-2025 ന് സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു.രാവിലെ 9:30 മുതൽ 4:30 വരെയായിരുന്ന ക്യാമ്പ്. സ്കൂൾ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.സീനിയർ അസിസ്റ്റൻറ് സിബി ടി വി അധ്യക്ഷത വഹിച്ചു. കുട്ടികൾക്ക് റീൽസ് നിർമ്മാണം, ക്യാമറ പരിശീലനം,വീഡിയോ എഡിറ്റിംഗ്, ഡോക്യുമെൻററി തയ്യാറാക്കൽ എന്നീ മേഖലകളിൽ പരിശീലനം നൽകി. പരിശീലനത്തിന് റിസോഴ്സ് പേഴ്സൺ സജിഷ കെ എസ്, എൽ കെ മാസ്റ്റർ ഹാരിസ് കെ എന്നിവർ നേതൃത്വം നൽകി.

ക്യാമ്പ് തീർത്തും പഠനാഹമായിരുന്നുവെന്നും ക്യാമറ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും കെഡെൻലൈവ് സോഫ്റ്റ്‌വെയറിൽ വീഡിയോ എഡിറ്റിംഗ് ചെയ്യുന്നതിനെ കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ ക്യാമ്പ് ഉപകാരപ്പെട്ടതായി കുട്ടികൾ ഫീഡ് ബാക്ക് സെഷനിൽ അഭിപ്രായപ്പെട്ടു. നിലവിൽ ആകെയുള്ള 22 അംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. കുട്ടികൾക്ക് ചായയും ലഘുഭക്ഷണവും നൽകി. ക്യാമ്പിലെ പങ്കാളിത്വത്തിന് പത്ത് മാർക്കും അസൈൻമെൻറിന് 15 മാർക്കും കുട്ടികൾക്ക് ലഭിക്കും.

## ക്ലാസ് തല പി ടി എ യോഗങ്ങൾ

കുപ്പാടിത്തറ: 2025-26 അധ്യയന വർഷത്തെ ക്ലാസ് പിടിഎ യോഗങ്ങൾ ചേർന്നു.ആദ്യ ഘട്ടത്തിൽ 1, 5, 10 ക്ലാസുകളിലെ രക്ഷിതാക്കളുടെ യോഗങ്ങളാണ് ചേർന്നത്.പിടിഎ പ്രസിഡൻറ് ഇ കെ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു.പരിഷ്കരിച്ച പാഠപുസ്തകം,കുട്ടികളുടെ പഠന നിലവാരം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി,അച്ചടക്കം, പത്താം ക്ലാസുകാർക്കുള്ള അധിക പരിശീലനം,ഒന്നാം ക്ലാസിലെ യൂണിഫോം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു.യോഗത്തിൽ രക്ഷിതാക്കളുടെ മികച്ച പങ്കാളിത്തം ഉണ്ടായി.

## മറ്റ് പ്രധാന വാർത്തകൾ

*12/6/2025 ന് സംഭവിച്ച അഹമ്മദാബാദ് വിമാന (എയർ ഇന്ത്യ) ദുരന്തത്തിൽ 275 പേര്മരണപ്പെട്ടു.
(യാത്രക്കാർ-241,മറ്റുള്ളവർ-34)

*അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യൻ പൗരനെന്ന ബഹുമതിയും, ബഹിരാകാശ യാത്ര നടത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരനെന്ന നേട്ടത്തിനും ശുഭാംശു ശുക്ല അർഹനായി.

വാർത്തകൾ തയ്യാറാക്കിയത്:
ഷിഫാന ഷെറിൻ, അഫ്സില, നിദ ഫാത്തിമ

## കവിത

### മുതിയടഞ്ഞ കിനാക്കൾ

ഓർമയുടെ ഉമ്മറപ്പടികളിലൊരു
നറുവസന്തം
കാത്ത് കിടപ്പുണ്ട്...
സന്തോഷത്തിന്റെ
അതിരുകളിൽ
വേലികെട്ടിയവരുടെ
ഹൃദയത്തിൽ
ഒറ്റപ്പെടലിന്റെ
വിയർപ്പുകണങ്ങളിറ്റി
പഴുത്തിട്ടുണ്ട്...
പാതിമരിച്ച
ഓർമച്ചങ്ങലകളിലവർ
ഇരുട്ടിലേക്ക്
വലിച്ചിഴക്കപ്പെടുന്നു...
സൗഹൃദത്തിന്റെ
ജാലകപ്പഴുതിലൂടെയവർ
വരില്ലെന്നറിഞ്ഞിട്ടുമാരെയോ
കാത്തിരിക്കുന്നു...
കൊഴിഞ്ഞു പോയ
നിമിഷസൂചികളിനിയൊന്നെനിക്കുവേണ്ടി
മടങ്ങിവന്നെങ്കിലെന്നവർ
കിനാവ് കാണുന്നു...
മഴയുടെ താളത്തിനൊത്ത
കൗമാര ചാപല്യങ്ങളും
വേനൽ ചൂടിന്റെ
തീക്ഷണതയോടെത്തുന്ന
പരീക്ഷ കാലവും
ഓർമകളിലേക്ക് മറയുന്നു...
നിന്നിലേക്കണയാനായ്
തിടുക്കം കൂട്ടുന്ന
ഒത്തിരി
നഷ്ട ബാല്യങ്ങൾ
ഇനിയെന്നെന്നുള്ള
ചോദ്യത്തിൽ
മരിച്ചു വീണിട്ടുണ്ട്...
നഷ്ടവും ശിഷ്ടവും
ഒത്തുനോക്കിയാലൊ-
രിക്കലുമറ്റമില്ലെന്നാലും
പ്രതീക്ഷയുടെ
മെഴുകുതിരികൾ
പതിയെ കത്തിപ്പിടിക്കുന്നുണ്ട്...
നഷ്ടമാകുന്ന
അറിവനുഭവങ്ങൾ
ഉരുകിയുരുകി
നോവടുപ്പിൽ
വെന്തമരുന്നു...
ഓർമ്മകളെ...
മടക്കമെപ്പോഴെന്ന
തിരിച്ചറിവില്ലാതെയീ
ജഗമൊന്നാകെ
ശൂന്യതയിൽ
മുതിയടയുന്നു....

**അജ്മില ഫർസാന കുപ്പാടിത്തറ**
**(പൂർവ്വ വിദ്യാർത്ഥിനി)**